72. ഗ്രാമീണജനതയ്ക്കും പെൻഷൻ വാങ്ങുന്നവർക്കും ട്രഷറിവഴിയുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിന് കണ്ണൂർ ജില്ലയിലെ ആലക്കോടും മലപ്പുറം ജില്ലയിലെ വണ്ടൂരും തൃശ്ശൂർ ജില്ലയിലെ കാഞ്ഞാണിയിലും ആലപ്പുഴ ജില്ലയിലെ മാന്നാറും കൊല്ലം ജില്ലയിലെ ചവറയിലും, ചടയമംഗലത്തും തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂരും പുതിയ സബ്ട്രഷറികൾ തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നു. പെൻഷൻകാരുടെ സൗകര്യത്തിനായി പ്രധാന ട്രഷറികളിൽ ടെല്ലർ സംവിധാനം ഘട്ടംഘട്ടമായി നടപ്പിലാക്കും.

73. എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിൻകീഴിൽ കേരളത്തിലുടനീളം വികസനപ്രവർത്തനങ്ങൾ നടന്നുവരുന്നു. ഒരു നിയോജക മണ്ഡലത്തിന് ഒരു വർഷം 50 ലക്ഷം രൂപ മതിയാകുന്നില്ല എന്ന് പല എം.എൽ.എ.-മാരും എന്നോട് പറയുന്നുണ്ട്. ഇന്നത്തെ സാമ്പത്തികസ്ഥിതിയിൽ ഇതിൽ കാര്യമായ ഒരു വർദ്ധനവ് വരുത്തുവാൻ എനിക്ക് ബുദ്ധിമുട്ടുണ്ട്. എങ്കിലും ഇത് 50 ലക്ഷം രൂപയിൽനിന്നും 60 ലക്ഷം രൂപയായി ഉയർത്തുവാൻ ഞാൻ ഉദ്ദേശിക്കുന്നു. ഇതിനായി 14.10 കോടി രൂപ അധികമായി ഞാൻ വകയിരുത്തുന്നു.

## പൊതുഭരണം

74. കേന്ദ്ര സർക്കാരിന്റെ വിവിധ വകുപ്പുകളുമായി നിരന്തരം സമ്പർക്കം പുലർത്തേണ്ടുന്ന ഏതാണ്ട് 10000 കോടി രൂപയ്ക്കുള്ള വിവിധ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കിവരികയാണ്. ഈ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് കേരള സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്നവരും കേന്ദ്ര സർക്കാരിന്റെ കേരളത്തിലുള്ള വിവിധ വകുപ്പുകളിൽ പ്രവർത്തിക്കുന്നവരുമായ അഖിലേന്ത്യാ സർവ്വീസിലുള്ള ഉദ്യോഗസ്ഥർക്ക് അവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഇവർ തമ്മിൽ നല്ല ബന്ധം നിലനിർത്തേണ്ടതുമുണ്ട്. ഇതിനായി തിരുവനന്തപുരത്ത് ഒരു ആൾ ഇന്ത്യാ സിവിൽ സർവ്വീസ് ഓഫീസേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതാണ്. ഇതിലേക്കായി 20 ലക്ഷം രൂപ ഒറ്റത്തവണ ഗ്രാന്റായി വകയിരുത്തുന്നു.

## ആരോഗ്യ കുടുംബക്ഷേമം

75. കോട്ടയം, ആലപ്പുഴ, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ 50 സീറ്റുകൾ വീതം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി തേടുന്നതാണ്. ഇതുമൂലം നിലവിലുള്ള 700 സീറ്റുകൾ 850 ആയി വർദ്ധിക്കുന്നതാണ്.

76. കോഴിക്കോട് മെഡിക്കൽ കോളേജിൽ 2005-06 വർഷത്തിൽ ഒരു സൂപ്പർ സ്പെഷ്യാലിറ്റി കോംപ്ളക്സ് പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ ക്യാൻസർ രോഗികളുടെ വർദ്ധനവ് സർക്കാരിന്റെ അടിയന്തിര ശ്രദ്ധ അർഹിക്കുന്നു. ഇത് കണക്കിലെടുത്ത് സംസ്ഥാനത്തെ പ്രധാന മെഡിക്കൽ കോളേജുകളിലെ ഓങ്കോളജി വകുപ്പ് ശക്തിപ്പെടുത്തുന്നതാണ്. ഓരോ മെഡിക്കൽ കോളേജും തൊട്ടടുത്ത രണ്ട് ജില്ലകളിലെ രോഗികളുടെ ആവശ്യം നിറവേറ്റുന്നതാണ്. തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി മുളങ്കുന്നത്തുകാവിലേക്ക് ഉടനെ മാറ്റുന്നതാണ്. ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയും പൂർണ്ണമായി വണ്ടാനത്തേക്ക് മാറ്റുന്നതിന് നടപടികൾ ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

77. കേരളത്തിൽ ഒരു ലക്ഷത്തിൽ 31 പേർ ആത്മഹത്യ ചെയ്യുന്നുവെന്നാണ് കണക്ക്. ഏകദേശം 72000 പേർ പലതരത്തിലുള്ള മാനസികരോഗങ്ങൾക്ക് അടിമകളാണ്. ഈ സാഹചര്യത്തിൽ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിലെ മനോരോഗ ചികിത്സാ വകുപ്പ് ശക്തിപ്പെടുത്തുന്നതിന് 150 ലക്ഷം രൂപ വകയിരുത്തുന്നു. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ മാനസികാരോഗ്യ കേന്ദ്രങ്ങളും ശക്തിപ്പെടുത്തുന്നതാണ്. ജില്ലാ ആശുപത്രികളിൽ 10 കിടക്കകൾവീതമുള്ള മനോരോഗ ചികിത്സാ വാർഡുകൾക്ക് പുറമെ തെരഞ്ഞെടുക്കപ്പെട്ട 15 താലൂക്ക് ആശുപത്രികളിലും സൈക്യാട്രി യൂണിറ്റുകൾ ആരംഭിക്കുന്നതാണ്. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ഈ വർഷം ട്രോമാ കെയർ യൂണിറ്റുകൾ പ്രവർത്തിച്ചുതുടങ്ങുന്നതാണ്. ബാംഗ്ളൂരിലെ ഐ.എസ്.ആർ.ഒ.-യുടെ സഹകരണത്തോടെ ഒരു ടെലി ഹെൽത്ത് ആന്റ് എഡ്യൂക്കേഷൻ പ്രോഗ്രാം നടപ്പിലാക്കുന്നതാണ്.

78. മലബാർ മേഖലയിലെ സേവനം മെച്ചപ്പെടുത്തുന്നതിനായി കോഴിക്കോട്ടെ നേത്രരോഗ ഇൻസ്റ്റിറ്റ്യൂട്ട് 25 ലക്ഷം രൂപ ചെലവിൽ വികസിപ്പിക്കുന്നതാണ്.

79. ഡ്രഗ്സ് കൺട്രോൾ വകുപ്പിനു കീഴിൽ എറണാകുളത്തും കോഴിക്കോട്ടും ഓരോ മേഖലാ ലബോറട്ടറികൾ സ്ഥാപിക്കുന്നതാണ്.

80. ഗിരിവർഗ്ഗക്കാരുടെ ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി മെഡിക്കൽകോളേജുകളിലെ വിദഗ്ദ്ധൻമാരുടെ സഹായത്തോടെ ഔട്ട്റീച്ച് ക്ലിനിക്കുകൾ ഏർപ്പെടുത്തുന്നതാണ്.

81. കെ.എച്ച്.ആർ.ഡബ്ല്യു.എസ്. മെഡിക്കൽ കോളേജുകളിലെയും ജില്ലാ ആശുപത്രികളിലെയും മഴവെള്ള സംഭരണ നടപടികൾ ഏറ്റെടുക്കുന്നതും മലബാർ മേഖലയിൽ ഐ.വി. ഫ്ളൂയിഡ് ഉൽപ്പാദിപ്പിക്കുന്നതിനുള്ള യൂണിറ്റ് തുടങ്ങുന്നതുമാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോടെ വയനാട്ടിൽ ഒരു ആയുർവ്വേദ ചികിൽസാ കേന്ദ്രവും കെ.എച്ച്.ആർ.ഡബ്ല്യു.എസ്. ആരംഭിക്കുന്നതാണ്.

82. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, പരിയാരം, കൊരട്ടി, നൂറനാട് എന്നിവിടങ്ങളിൽ ബയോ മെഡിക്കൽ മാലിന്യനിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്നതാണ്.

83. കോട്ടയം മെഡിക്കൽ കോളേജിൽ ഹൃദ്രോഗചികിൽസയ്ക്കുള്ള കാത്ത് ലബോറട്ടറി സ്ഥാപിക്കുന്നതാണ്. ഇതിലേക്കായി 25 ലക്ഷം രൂപ വകയിരുത്തുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ കമ്മ്യൂണിറ്റി വാർഡ് ആരംഭിക്കുന്നതിന് 5 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്. അവിടെ മഞ്ഞപ്പിത്തബാധയും മറ്റും ഒഴിവാക്കുന്നതിന് 90 ലക്ഷം രൂപയുടെ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഇതിന് ശാശ്വതമായ പരിഹാരം കാണുന്നതിനുള്ള പദ്ധതികളും ഉടൻ നടപ്പിലാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

84. വൈത്തിരി ആശുപത്രിയുടെ പുതിയ കെട്ടിടനിർമ്മാണത്തിനായി 20 ലക്ഷം രൂപയും, വയനാട് ജില്ലാ ആശുപത്രിയുടെ കെട്ടിടനിർമ്മാണത്തിനായി 100 ലക്ഷം രൂപയും വകയിരുത്തുന്നു. ആലുവയിലെ സർക്കാർ ആശുപത്രി 100 വർഷം പിന്നിടുകയാണ്. ഈ ആശുപത്രിയിൽ ഒരു സെന്റിനറി ബ്ലോക്ക് പണികഴിപ്പിക്കുന്നതിനായി 70 ലക്ഷം രൂപയും വകയിരുത്തുന്നു.

## ആഭ്യന്തരം

### പോലീസ്

85. സംസ്ഥാനത്തെ ക്രമസമാധാനപാലനത്തിന് സർക്കാർ മുൻഗണന നൽകുന്നു. എല്ലാ പൗരൻമാർക്കും തികഞ്ഞ സുരക്ഷ ഉറപ്പുനൽകുന്ന സൗഹൃദപരമായ ഒരു നവീന പോലീസ് സേനയാണ് സർക്കാർ ലക്ഷ്യമിടുന്നത്. കേന്ദ്ര സഹായ പദ്ധതികൾ പ്രയോജനപ്പെടുത്തി പോലീസ് സേനയെ നവീകരിക്കുന്നതിനുള്ള യത്നങ്ങൾ തുടരും. 2005-06 വർഷത്തേക്ക് സംസ്ഥാന സർക്കാരിന്റെ 61.65 കോടി രൂപയ്ക്കുള്ള കർമ്മപദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടെന്നുള്ള വിവരം ഞാൻ സസന്തോഷം സഭയെ അറിയിച്ചുകൊള്ളുന്നു.

86. പോലീസ് വകുപ്പിലെ അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി 2005-06 വർഷം കേരളാ പോലീസ് അക്കാഡമിയിൽ ട്രാഫിക് ട്രെയിനിംഗ് സ്കൂൾ, അക്വാട്ടിക് ട്രെയിനിംഗ് സെന്റർ, ഇൻഡോർ ട്രെയിനിംഗ് സെന്റർ എന്നിവ ആരംഭിക്കും. കേന്ദ്രസഹായത്തോടെ ഒരു മറൈൻ പോലീസ് സേനാ വിഭാഗം സംസ്ഥാനത്ത് സ്ഥാപിക്കും. പോലീസിന്റെ നിയന്ത്രണത്തിലുള്ള ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിന്റെ നവീകരണത്തിനായി 50 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു. കൂടാതെ ഭരണ നവീകരണപദ്ധതിയുടെ ഭാഗമായി പോലീസിന്റെ പൊതുജനസേവനത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുവാൻ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

### അഗ്നിശമന സുരക്ഷാസേന

87. ഉപ്പളയിലും കൊടുങ്ങല്ലൂരിലും ഫയർസ്റ്റേഷന് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതാണ്. വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് സ്കൈലിഫ്റ്റ്, ഹൈഡ്രോളിക് റെസ്ക്യൂ എക്യുപ്മെന്റ് എന്നിവ ലഭ്യമാക്കുന്നതാണ്.

### നീതിന്യായം

88. ഹൈക്കോടതി സമുച്ചയത്തിന്റെ നിർമ്മാണം ഈ വർഷംതന്നെ പൂർത്തീകരിക്കുന്നതാണ്.

### ജയിൽ

89. വിയ്യൂർ, കണ്ണൂർ സെൻട്രൽ ജയിലുകളിൽ 2005-06 വർഷത്തിൽ വീഡിയോ കോൺഫറൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതാണ്. 1958-ലെ കേരള ജയിൽ ചട്ടങ്ങൾ നവീകരിക്കുന്നതിനും പരോൾ മുൻകൂർ വിടുതൽ ചട്ടങ്ങൾ ക്രോഡീകരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly